പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1175

11.07.2011-ൽ മറുപടിക്ക്

# കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് സാമ്പത്തിക പ്രതിസന്ധി തടസ്സമാകുന്നുണ്ടോ; നിലവിൽ എത്ര കോടി രൂപയുടെ ബാദ്ധ്യത സർവ്വകലാശാലയ്ക്കുണ്ടെന്ന് വ്യക്തമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് സാമ്പത്തിക പ്രതിസന്ധി തടസ്സമാകുന്നുണ്ട്. 31/03/2011 ൽ 190 കോടി രൂപയുടെ ബാദ്ധ്യത സർവ്വകലാശാലക്കുണ്ട്. |
| ബി) സാമ്പത്തിക ബാദ്ധ്യത തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | ബി) സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി തീർക്കാൻ ആവശ്യത്തിനുള്ള പദ്ധതിയേതര ഗ്രാന്റിനുവേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| സി) കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ; | സി) 2001 - 2002 സാമ്പത്തിക വർഷം മുതൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചു വരുന്ന തുക ഉപയോഗിച്ച്, ഓരോ വർഷവും പ്രഖ്യാപിക്കുന്ന രണ്ടു ഗഡു ക്ഷാമബത്ത വർദ്ധനവിനോ, കാലാകാലങ്ങളിൽ അനുവദിക്കുന്ന ശമ്പള വർദ്ധനവിനോ, യു.ജി.സി. വർദ്ധനവിനോ, ജീവനക്കാരുടെ |

| | |
|---|---|
| | പി.എഫിലേക്ക് തുക അടക്കുന്നതിനോ, കാലാകാലങ്ങളിലെ പെൻഷൻ ബാദ്ധ്യതകൾ തീർക്കുന്നതിനോ സാധിച്ചിട്ടില്ലെന്നും, ഇതു കൂടാതെ ശമ്പളം, പെൻഷൻ (മാസ) എന്നീ ഇനത്തിൽ തുക തികയാതെ വന്നതിനാൽ മറ്റു ബാഹ്യ പദ്ധതി, പ്ലാൻ പദ്ധതി എന്നിവയിൽ നിന്നും ഈ ഇനത്തിൽ തുക ഉപയോഗിക്കേണ്ട സാഹചര്യം സർവ്വകലാശാലയ്ക്ക് ഉണ്ടായിട്ടുണ്ട്. മേൽ പറഞ്ഞ കാരണങ്ങളാണ് യൂണിവേഴ്സിറ്റിക്ക് ഇത്രയും ബാദ്ധ്യത വരാൻ കാരണം. |
| മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഡി) സർവ്വകലാശാലയിൽ അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ? | കേരള കാർഷിക സർവ്വകലാശാലയിൽ അനധികൃത നിയമനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ